LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് അത്തരം കോടതി ഇടപെടലുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിച്ച 71 കരുതൽ തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ ഈ സർക്കാരിന്റെ കാലത്ത് കോടതി റദ്ദുചെയ്തിട്ടുണ്ട്. പ്രതി ചെയ്ത അവസാനത്തെ കുറ്റകൃത്യം നടന്ന തീയതിവച്ച് കണക്കാക്കുമ്പോൾ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ കാലതാമസമുണ്ടാകുക, പ്രഥമ വിവര സ്റ്റേറ്റ്മെന്റുകൾ, സാക്ഷിമൊഴികൾ, ജാമ്യ ഉത്തരവുകൾ, ക്രിമിനൽ നടപടിക്രമത്തിലെ സെക്യൂരിറ്റി നടപടികൾ എന്നിവയെ സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട വ്യക്തിക്ക് നൽകാതിരിക്കുക, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽനിന്നും തടയുന്നതിന് സി.ആർ.പി.സി. 107-ാം വകുപ്പുപ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ പോലെയുള്ള സാധാരണ നിയമനടപടികൾ പര്യാപ്തമായിരുന്നോയെന്ന് പരിശോധിക്കാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ ഭരണഘടനയിലെ രക്ഷാവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടറി നടപടിക്രമങ്ങളും പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തുന്ന കേസുകളിലാണ് കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദുചെയ്തിട്ടുള്ളത്.

സി.പി.ഐ.(എം) പ്രവർത്തകൻ വിജയനെ കൊലപ്പെടുത്തിയ കേസ്

182(186) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തൃശൂർ മണ്ഡലത്തിലെ കണ്ണന്ത്ര, കാരപ്പൊറ്റയാലിൽ സി.പി.ഐ.(എം) പ്രവർത്തകൻ വിജയനെ ആർ.എസ്.എസ്.കാർ കൊലപ്പെടുത്തിയ കേസ്സിൽ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് ചാർജ് ചെയ്ത കേസ്സിൽ ആകെ എത്ര പ്രതികളാണ് ഉള്ളത് ; എത്ര പേരെ അറസ്റ്റ് ചെയ്തു ; പ്രതികൾ ആരെല്ലാമാണ് ;

(സി) ഈ കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മുഴുവൻ പ്രതികളെയും അറസ്റ്റുചെയ്ത് കുറ്റപത്രം സമർപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 5 പ്രതികളിൽ 2 പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

(ബി) പോലീസ് ചാർജ് ചെയ്ത കേസിൽ അഞ്ചുപേരെ പ്രതികളാക്കിയിട്ടുള്ളതും ഒന്നും രണ്ടും പ്രതികൾ 7-5-2015-ന് കോടതിയിൽ കീഴടങ്ങിയിട്ടുള്ളതും മൂന്നാം പ്രതിയായ മിഥുൻ എന്നയാളെ 8-5-2015-ന് അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. നാലും അഞ്ചും പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

A1 - പവൻ @ സുജീഷ്, വയസ്സ് 26, S/o സുദേവൻ,
പടിഞ്ഞാറെ മുറി, കാരപ്പൊറ്റ.

A2 - ജനീഷ്, വയസ്സ് 21, S/o ജനാർദ്ദനൻ,
കുടല്ലൂർ വീട്, കാരപ്പൊറ്റ, കണ്ണൂര്.

A3 - മിഥുൻ, വയസ്സ് 22, S/o രാധാകൃഷ്ണൻ,
പടിഞ്ഞാറെ മുറി, കുന്നുംപുറം, കണ്ണൂര്.

A4 - ചാരുഷ്, വയസ്സ് 20, S/o ചന്ദ്രൻ കുന്നുംപുറം, കാരപ്പൊറ്റ, കണ്ണൂര്.

A5 - സുമേഷ്, വയസ്സ് 24, S/o ബാലൻ, അത്താണി പറമ്പ്,
കാരപ്പൊറ്റ, കണ്ണൂര്.

(സി) ആവശ്യം പരിശോധിച്ചുവരുന്നു.

(ഡി) സ്വീകരിച്ചുവരുന്നു.

എസ്.സി/എസ്.റ്റി അട്രോസിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

183 (187) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എസ്.സി./എസ്.റ്റി. അട്രോസിറ്റീസ് ആക്ട് പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകളിന്മേൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ടെന്നും എത്ര ഇര നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പോലീസ് പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിന്മേൽ എന്ത നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?